**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1066** **02-02-2026 - ൽ മറുപടിയ്ക്ക്**

**അരുവിക്കര ഡാമിലെ ഡീസിൽറ്റേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര ഡാമിൽ ഡീസിൽറ്റേഷൻ നടത്തുന്നതിനായുള്ള പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി അറിയിക്കുമോ; | (എ) | അരുവിക്കര ഡാമിൽ മണ്ണും, മണലും അടിഞ്ഞു കൂടി സംഭരണശേഷിയിൽ കുറവ് സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ അവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായുള്ള ഡിസിൽറ്റേഷൻ പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ടേൺ കീ അടിസ്ഥാനത്തിലാണ് ഡിസിൽറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നത്. ഡിസിൽറ്റ് ചെയ്യുന്നത് വഴി സർക്കാരിന് ₹13.88 കോടി രൂപയുടെ വരുമാനവും, ഡാമിൽ ഏകദേശം 1 മില്യൺ ക്യുബിക് മീറ്റർ അധിക ജലസംഭരണശേഷിയും ഉറപ്പാക്കാനും സാധിക്കും.<br><br>പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതിയിൽ 10,24,586 ക്യുബിക് മീറ്റർ ആണ് ഡിസിൽറ്റ് ചെയ്യുന്നത്. ഇതിൽ ചരൽ, മണൽ, കളിമണ്ണ്, എക്കൽ എന്നിവ ഉൾപ്പെടുന്നു. നിലവിൽ 64,850 ക്യുബിക് മീറ്റർ ആണ് ഡിസിൽറ്റ് ചെയ്തിട്ടുള്ളത്. നഗരത്തിലെ കുടിവെള്ള ആവശ്യങ്ങൾക്കായി വെള്ളം ഉപയോഗിച്ച് വരുന്നതിനാൽ, പദ്ധതി പ്രവൃത്തികൾ ശ്രദ്ധയോടെ വെള്ളത്തിന്റെ ടർബിഡിറ്റി അളവ് നിരീക്ഷിച്ചാണ് പുരോഗമിച്ച് വന്നിരുന്നത്. ആയതിനാൽ പദ്ധതി പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഡാമിൽ നിന്ന് ഇതുവരെ നീക്കം ചെയ്ത മണ്ണിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ? | (ബി) | അരുവിക്കര ഡാമിൽ മണ്ണും, മണലും അടിഞ്ഞു കൂടി സംഭരണശേഷിയിൽ കുറവ് സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ അവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായുള്ള ഡിസിൽറ്റേഷൻ പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ടേൺ കീ അടിസ്ഥാനത്തിലാണ് ഡിസിൽറ്റേഷൻ പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നത്. ഡിസിൽറ്റ് ചെയ്യുന്നത് വഴി സർക്കാരിന് ₹13.88 കോടി രൂപയുടെ വരുമാനവും, ഡാമിൽ ഏകദേശം 1 മില്യൺ ക്യൂബിക് മീറ്റർ അധിക ജലസംഭരണശേഷിയും ഉറപ്പാക്കാനും സാധിക്കും.<br><br>പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതിയിൽ 10,24,586 ക്യൂബിക് മീറ്റർ ആണ് ഡിസിൽറ്റ് ചെയ്യുന്നത്. ഇതിൽ ചരൽ, മണൽ, കളിമണ്ണ്, എക്കൽ എന്നിവ ഉൾപ്പെടുന്നു. നിലവിൽ 64,850 ക്യൂബിക് മീറ്റർ ആണ് ഡിസിൽറ്റ് ചെയ്തിട്ടുള്ളത്. നഗരത്തിലെ കുടിവെള്ള ആവശ്യങ്ങൾക്കായി വെള്ളം ഉപയോഗിച്ച് വരുന്നതിനാൽ, പദ്ധതി പ്രവൃത്തികൾ ശ്രദ്ധയോടെ വെള്ളത്തിന്റെ ടർബിഡിറ്റി അളവ് നിരീക്ഷിച്ചാണ് പുരോഗമിച്ച് വന്നിരുന്നത്. ആയതിനാൽ പദ്ധതി പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ